(ഡി) 16-1-2002-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 56/2002/ഫിൻ പ്രകാരം നിയമനങ്ങൾക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) പരിശോധിച്ചു തീരുമാനം എടുക്കുന്നതാണ്.

അദ്ധ്യാപകരുടെ നിയമന അംഗീകാരം

170 (2892) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ഉണ്ടാകുന്ന തസ്തികകൾക്ക് മാത്രം ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം മതിയെന്നും റിട്ടയർമെന്റ് പ്രമോഷൻ, ലീവ്, മരണം, രാജി എന്നിവമൂലമുണ്ടാകുന്ന ഒഴിവുകൾക്ക് ഇത് ബാധകമല്ലെന്നും കാണിച്ചുകൊണ്ട് ഡി. പി. ഐ. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അയച്ച സർക്കുലർ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവിന് വിരുദ്ധമായി എല്ലാ ഒഴിവുകൾക്കും മുൻകൂട്ടി അനുവാദം വാങ്ങണമെന്ന് ഡി.പി.ഐ. ഇറക്കിയ മറ്റൊരു ഉത്തരവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഡി. പി. ഐ.-യുടെ രണ്ടാമത്തെ ഉത്തരവിന്റെ ഫലമായി നിലവിലുള്ള ഒഴിവുകളിൽ നിയമനം കിട്ടിയ അദ്ധ്യാപകർ അംഗീകാരം കിട്ടാതെ വിഷമിക്കുകയാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മേൽ കാണിച്ച പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 29-10-2001 വരെ നടത്തിയിട്ടുള്ള നിയമനങ്ങൾ, നിയമാനുസൃതം ആണെങ്കിൽ അംഗീകരിച്ച് നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. അതിനുശേഷമുള്ള നിയമനങ്ങൾ അംഗീകരിക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly